**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2608** **17-03-2022 - ൽ മറുപടിയ്ക്ക്**

**മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അപേക്ഷകളിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണ്ണ് നീക്കം ചെയ്യുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മറ്റ് അപാകതകൾ ഇല്ലാത്ത പക്ഷം സ്ഥലപരിശോധന നടത്തി താമസംവിനാ അനുമതി നൽകാറുണ്ട്. കൂടാതെ മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ സ്ഥലപരിശോധന നടത്തുവാനുണ്ടായിരുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് 02/02/2022 ലെ സ.ഉ(സാധാ) നം.94/2022/വ്യവ പ്രകാരം ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെയും, വിവിധ ജില്ലാ ഓഫീസിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് വേണ്ടി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള സ്ഥലപരിശോധന നടത്തി പാസ്സ് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു |
| (ബി) | സംസ്ഥാനത്ത് ഖനനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനം ഓൺലൈൻ ആക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ? | (ബി) | മൈനിംഗ് & ജിയോളജി വകുപ്പ് സംസ്ഥാനത്തുടനീളം അനുവദിച്ചിട്ടുള്ള വിവിധ തരം ഖനനാനുമതികളുടെയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്വാറി, ക്രഷർ, ധാതു സംഭരണത്തിനുള്ള ഡിപ്പോകളുടെയും സകലവിവരങ്ങളും ഒറ്റനോട്ടത്തിൽ Public Domain ൽ ലഭ്യമാകുന്ന ഒരു 'ഡാഷ്ബോർഡ്" സംവിധാനം (www.dashboard.kerala.gov.in), ഒരുക്കിയിട്ടുണ്ട്. ഒപ്പം വകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ, മാനവശേഷി, ഏറ്റെടുത്തു നടപ്പിലാക്കുന്ന പര്യവേഷണ പ്രവർത്തനങ്ങൾ, ഖനനാനുമതികൾക്കായി അവലംബിച്ചുപോരുന്ന നിയമങ്ങൾ, ചട്ടങ്ങൾ, അവയുടെ ഭേദഗതികൾ, സുപ്രധാന സർക്കാർ ഉത്തരവുകൾ, പരിപത്രങ്ങൾ, റവന്യൂ വരുമാനം എന്നിവ പ്രതിപാദിക്കുന്ന വെബ് സൈറ്റ് (www.dmg.kerala.gov.in) നവീകരിച്ചിട്ടുമുണ്ട്. 2022 ൽ കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ |

| | | | |
|---|---|---|---|
| | | | സംസ്ഥാനമായി മാറ്റുന്നതിനുള്ള സർക്കാരിന്റെ തീരുമാനം നടപ്പിലാക്കുന്നതിന്റെയും, ജനങ്ങൾക്ക് പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെയും പ്രാരംഭ നടപടികളുടെ ഭാഗമായി ഖനന ഭൂവിജ്ഞാന വകുപ്പിലെ ഡയറക്ടറേറ്റിൽ e-Office സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള ജില്ലാ ഓഫീസുകളിലും, സ്ക്വാഡ് ഓഫീസുകളിലും KSITM മുഖേന e-Office സംവിധാനം നടപ്പിലാക്കുന്നതിനായി കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ ഓഫീസുകളിലും e-Office സംവിധാനം നിലവിൽ വരുന്നതാണ്. സേവനാവകാശനിയമപ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് നൽകുന്ന സേവനങ്ങൾ നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖേന ഓൺലൈനാക്കുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ